കുടിക്കാഴ്ച

സി. രാജഗോപാലൻ



# പൂജയുടെ കേരള യാത്രകൾ

കേരളം പൂജയെ ശ്രദ്ധിച്ചു തുടങ്ങിയത് സൈക്കിൾ യാത്രക്ക് ശേഷമാണ്. രണ്ട് മാസം നീണ്ട യാത്രയിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നിരവധി ഗ്രാമങ്ങളിൽ പൂജയെത്തി.

അമേരിക്കയിൽ വിദ്യാർഥിയായിരിക്കുമ്പോൾ ആരംഭിച്ചതാണ് പൂജയുടെ യാത്ര. എന്നുവെച്ചാൽ നിരന്തര സഞ്ചാരം. യാത്രാനുഭവങ്ങളിൽ യഥാർഥ ജീവിതവും വിദ്യാഭ്യാസവും അവൾ കണ്ടെത്തി. അടഞ്ഞ മുറിക്കുള്ളിലെ ജീവിതത്തിന്റെ യാന്ത്രികതയും വിരസതയും കമ്പോള പകിട്ടുകളിലെ പൊള്ളത്തരങ്ങളും ശ്വാസം മുട്ടിച്ചപ്പോഴാണ് യാത്രകൾ ആരംഭിച്ചതെന്ന് പൂജ. കൂട്ടിന് കനം കുറഞ്ഞ ഒരു തുണി സഞ്ചി. കുറിച്ചുവെക്കാനൊരു പുസ്തകവും പേനയും. വളരെ അത്യാവശ്യത്തിന് മാത്രം പണം. അങ്ങനെയായിരുന്നു യാത്ര.

അമേരിക്കയിൽ ഉദ്യോഗവും പൗരത്വവുമുള്ള അച്ഛനമ്മമാരുടെ ഏക മകൾ. ശരാശരി ലോകം സ്വപ്നം കാണുന്ന സൗഭാഗ്യം. പക്ഷെ, പൂജ എന്ന പെൺകുട്ടിയിലെ അവധൂത മനസ്സും സഹജാവബോധവും ആ സൗഭാഗ്യങ്ങളിൽ തളഞ്ഞു കിടക്കാൻ കൂട്ടാക്കിയില്ല.

അച്ഛനമ്മമാരുടെ സ്വാഭാവിക ഉൽകണ്ഠകൾക്ക് അവൾ വഴങ്ങിയതുമില്ല. സ്നേഹമോ അനുസരണയോ ഇല്ലാത്തത് കൊണ്ടല്ല. ചങ്ങലക്കിട്ട ഒരു വീട്ടുമൃഗമാവാൻ അവർ ഇഷ്ടപ്പെട്ടില്ല.

സ്നേഹം ഒരു സഞ്ചാര തടസ്സമാകേണ്ടതില്ലെന്നാണ് പൂജയുടെ ദർശനം.

ഹയർ സെക്കൻഡറി വിദ്യാഭ്യാസം തീരുമ്പോഴേക്ക് വിശാലമായ അമേരിക്കൻ ഐക്യനാടുകളിൽ പകുതിയോളം പൂജ പിന്നിട്ടുകഴിഞ്ഞിരുന്നു. ചെറു പ്രായത്തിലേ അനുഭവങ്ങളുടെ ഒരു വലിയ ലോകം അവൾക്ക് കൂട്ടായി. ആ അനുഭവങ്ങളാണ് അവളെ വഴി നടത്തുന്നത്.

അമേരിക്കയിൽ യഥേഷ്ടം നടത്തിയ യാത്രകളിൽ പൂജ നാനാതരം ആളുകളെ കണ്ടുമുട്ടി.

ആശംസകളോടെ

**ആരോഗ്യകരവും സ്വതന്ത്രവും നീതിയുക്തവുമായ മെച്ചപ്പെട്ട മറ്റൊരു ലോകത്തിന്**

കേരളീയം

കലവറ

ഗ്രീൻ ചാനൽ & ഇക്കോ ഷോപ്പ്

C/o. കേരളീയം, മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്. കൊക്കാലെ, തൃശൂർ-21

ഫോൺ : 0487-2421385, 9447674375

e-mail : keraleeyam_kalavara@rediffmail.com

**നാട്ടുല്പന്നങ്ങൾക്കും പരിസ്ഥിതി സൗഹൃദവസ്തുക്കൾക്കുമായി ഒരിടം**



പ്രക്ഷോഭമോ ബോധവൽകരണമോ അല്ല പൂജക്ക് യാത്ര. കേരളം കാണാനും ജനങ്ങളുമായി സംവദിക്കാനുമുള്ള ശ്രമമാണ്. ആരായാനും സംവദിക്കാനും പങ്കുവഹിക്കാനും പങ്കിടാനുമുള്ള അതീവലോലവും ആത്മാർഥവുമായ അഭിലാഷത്തിന്റെ പരിണാമമാണ് തനിക്ക് യാത്രയെന്ന് പൂജ പറയുന്നു.

നാനാതരം ചോദ്യങ്ങൾ അഭിമുഖീകരിച്ചു. അതിൽ കാമ്പും കനവുമുള്ള ചില ചോദ്യങ്ങൾ അവളുടെ സ്വത്വ ബോധത്തെ തട്ടിയുണർത്താൻ പര്യാപ്തമായിരുന്നു. ഇന്ത്യക്കാരി. മലയാളി എന്ന ബോധം. ഇന്ത്യക്കാരിയാണെന്നറിഞ്ഞ നിമിഷം സ്വാമി വിവേകാനന്ദനെക്കുറിച്ച് ചോദിച്ചവരുണ്ട്. ഹിമാലയത്തെക്കുറിച്ച് ചോദിച്ചവരുണ്ട്. മലയാളിയാണെന്നറിയുമ്പോൾ കേരളീയ ഗ്രാമ ജീവിതത്തെക്കുറിച്ചും കഥകളിയെയും കൂടിയാട്ടത്തെയും കളമെഴുത്തിനെയും പുള്ളുവൻ പാട്ടിനെയും തെയ്യത്തെയും കുറിച്ച് ആവേശം കൊണ്ടവരുണ്ട്. ഒരിന്ത്യക്കാരിയായിട്ടും, മലയാളിയായിട്ടും  ഇതൊന്നും തനിക്കറിയില്ലല്ലോ എന്നായി പിന്നെ ചിന്ത. ഈ ചിന്തയാണ് പൂജയെ കേരളത്തിലെത്തിച്ചത്

നാലു വയസ്സിൽ അച്ഛനമ്മമാരോടൊപ്പം കേരളം വിട്ട പൂജ ഇരുപത്തി രണ്ടാം വയസ്സിലാണ് തിരിച്ചു വരുന്നത്. വെറും ആറു മാസം കൊണ്ട് പൂജക്ക് കേരളം സ്വന്തം നാടും വീടുമായി മാറിയിരിക്കുന്നു.

## കേരളം സൈക്കിളിലൂടെ

കേരളം പൂജയെ ശ്രദ്ധിച്ചു തുടങ്ങിയത് അവളുടെ സൈക്കിൾ യാത്രക്ക് ശേഷമാണ്. കേരളം സൈക്കിൾ യാത്ര. ഏകദേശം രണ്ട് മാസം നീണ്ട യാത്രയിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നിരവധി ഗ്രാമങ്ങളിൽ പൂജയെത്തി. നാടകം കളിച്ച്, പാട്ടുപാടി, കഥ പറഞ്ഞ്, കുട്ടികളും നാട്ടുകാരുമൊത്ത് പരസ്പരം സ്നേഹം കൈമാറി, വേദന പങ്കിട്ട് സ്വയം അറിഞ്ഞ്, നാടിനെ അറിഞ്ഞ് ഒരു യാത്രയാണ് പൂജയുടെ മനസ്സിൽ.

പൂജയുടെ യാത്രയുടെ കരുത്തും നൂതനത്വവും അവളുടെ യാത്രയിലടങ്ങിയ സ്വാഭാവികതയും ജൈവികതയും സ്നേഹവുമാണ്. ഏതെങ്കിലും പ്രശ്നത്തിന്

ഉത്തരം തേടിയുള്ള പ്രക്ഷോഭമോ ബോധവൽകരണമോ അല്ല പൂജക്ക് യാത്ര. കേരളം കാണാനും ജനങ്ങളുമായി സംവദിക്കാനുമുള്ള ശ്രമമാണ്. ഈ യാത്ര വ്യവസ്ഥാപിത രീതിയിലുള്ള ഒരു പദ്ധതിയേ അല്ല. യാത്രക്ക് സാമ്പത്തിക സഹായമോ ഏതെങ്കിലും സർക്കാറേതര സംഘടനയുടെ പിന്തുണയോ ഇല്ല. മറിച്ച്, ആരായാനും സംവദിക്കാനും പങ്കുവഹിക്കാനും പങ്കിടാനുമുള്ള ഹൃദയത്തിന്റെ അതീവലോലവും ആത്മാർഥവുമായ അഭിലാഷത്തിന്റെ പരിണാമമാണ് തനിക്ക് യാത്രയെന്ന് പൂജ പറയുന്നു. ●

# സൈക്കിൾ ഒരു മധ്യസ്ഥൻ

**(പൂജയുടെ ലഘുലേഖയുടെ പ്രസക്ത ഭാഗങ്ങൾ)**

യന്ത്രത്തിനും മനുഷ്യനുമിടക്കുള്ള ഒരു ഒത്തുതീർപ്പിന്റെ ചലന മാധ്യമമാണ് സൈക്കിൾ. ഫോസിൽ ഇന്ധനങ്ങൾ അതിവേഗം തീർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സൈക്കിളിന്റെ പ്രസക്തി വർധിച്ചു വരികയാണ്. ഇന്ധനങ്ങൾ ധാരാളം കത്തിക്കുന്നത് വഴിയുണ്ടാവുന്ന മലിനീകരണം ഒരു വശത്ത് നഗരങ്ങളെ ശ്വാസം മുട്ടിക്കുന്നു. മറുവശത്ത് ഫോസിൽ ഇന്ധനങ്ങൾ 2020 വരെ എന്ന് ശാസ്ത്രജ്ഞർ സമർഥിക്കുന്നു. അത്രയും എണ്ണ കൂടി കത്തിച്ചു തീരുമ്പോൾ സഞ്ചരിക്കാൻ വാഹനം എന്ന പോലെ സ്വാഭാവികമായ ഒരാവശ്യമായി മാറും ഓക്സിജൻ മാസ്ക്.

ഒരു തവണ എരിക്കുന്നതിനാവശ്യമായ ഇന്ധനം കത്തിക്കുന്നതിനെടുക്കുന്ന ഓക്സിജൻ ഒരാൾക്ക് ഒരു വർഷം ശ്വസിക്കാനാവശ്യമായതാണെന്ന ഒരു കണക്ക് കാണുകയുണ്ടായി. യഥാർഥത്തിൽ അതാണ് പെട്രോളിന്റെയും ഡീസലിന്റെയും വില. അവ കത്തുമ്പോൾ കാർബൺ വാതകങ്ങളായി പരിണമിക്കുന്ന പ്രാണ വായുവിന്റെ മൂല്യം. അതല്ലാതെ നാണയ വ്യവസ്ഥയിലെ നമ്മുടെ ക്രയശേഷിയല്ല പെട്രോളും ഡീസലുമടക്കമുള്ള നമ്മുടെ പ്രകൃതി വിഭവങ്ങളുടെ വില.

ജീവിതത്തിന്റെ ഓരോ ചെറിയ ചുവടുവെപ്പിലും ഓരോ ചെറിയ കാര്യത്തിലും ജീവന്റെ നിലനിൽപ്പും തുടർച്ചയും സംബന്ധിച്ച ചോദ്യങ്ങൾ തെളിഞ്ഞു വരുന്നുണ്ട് ആ ചോദ്യങ്ങളെ അഭിമുഖീകരിക്കാതെ നമുക്കിനി മുന്നോട്ടു പോകാനാവില്ല. ആ ചോദ്യങ്ങൾക്ക് കണ്ണും മനസ്സും നൽകുക, അവയോട് യാഥാർഥ്യ ബോധം പുലർത്തുക എന്നതാണ് ബുദ്ധിജീവിതം എന്നതു കൊണ്ട്, ജീവിതത്തിന്റെ സർഗാത്മകത കൊണ്ട് അർഥമാക്കുന്നത്. കാറുപേക്ഷിച്ച് സൈക്കിൾ സ്വീകരിക്കുന്നവൻ ആരോ അവനാണ് ബുദ്ധിജീവി. സൈക്കിൾ പോലും അത്യാവശ്യമല്ല എന്ന് കരുതുന്നവൻ അതിലും മുമ്പേ സഞ്ചരിക്കുന്നു. പരിഷ്കാരത്തിന്റെയും യാന്ത്രിക ജീവിതത്തിന്റെയും നാടായ അമേരിക്കയിൽ സൈക്കിൾ ഒരു യാത്രാ മാധ്യമമെന്ന നിലക്ക് ഉപയോഗിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർധിച്ചു വരുന്നു. അവിടെ മഹാനഗരഹൃദയങ്ങളിലെ പല റോഡുകളിലും ഇന്ധന വാഹനങ്ങൾക്ക് പ്രവേശനമില്ല.

യാത്രാമാധ്യമമെന്ന പോലെ ഒരു പ്രക്ഷോഭ മാധ്യമവുമാണ് അവിടെ സൈക്കിൾ. ആയിരവും രണ്ടായിരവും പേർ പങ്കെടുക്കുന്ന സൈക്കിൾ റാലികൾ അവിടെ പതിവാണ്.

കമ്പോളത്താൽ പാവ കളിപ്പിക്കപ്പെടുന്ന ഒരു സമൂഹമാണ് നമ്മുടേത്. കമ്പോളത്തോട് ഇത്രയധികം അന്ധമായ അനുസരണയുള്ള ഒരു സമൂഹം ലോകത്ത് മറ്റൊന്നുണ്ടാകുമോ എന്ന് സംശയമുണ്ട്.

അച്ചടി, ദൃശ്യമാധ്യമങ്ങളിലെ കച്ചവട പരസ്യങ്ങൾ നമ്മുടെ ആവശ്യങ്ങൾ നിർണയിക്കുന്നു. പ്രൊഫ. എം.എൻ വിജയൻ പറഞ്ഞത് പോലെ, വഴിയിലൂടെ സ്വസ്ഥനായി നടന്നു പോകുന്നവനെ കൈ കൊട്ടി വിളിച്ച് നിങ്ങൾ നടന്നു പോവേണ്ട, ഈ കാറ് കൊണ്ടുപോയ്ക്കൊള്ളൂ, പണമൊന്നും വേണ്ട കടലാസിൽ ഒപ്പിട്ടു തന്നാൽ മതി എന്നു പറയും, ഒടുവിൽ അതേ കാറിൽ നിന്നിറങ്ങി ആത്മഹത്യ ചെയ്യേണ്ടി വരികയും ചെയ്യുന്ന അവസ്ഥ വന്നു ചേരുന്നു. ഇങ്ങിനെയാണ് സ്വപ്നം വിൽക്കുന്നവർ വഴിയേ പോവുന്നവർക്ക് മരണക്കെണിയൊരുക്കുന്നത്.

ഇരു ചക്രങ്ങൾ മുതലുള്ള വാഹനങ്ങളുടെ ബാഹുല്യം കൊണ്ട് നമ്മുടെ റോഡുകൾ വീർപ്പുമുട്ടുകയാണ്. നൂറു കൊല്ലം മുമ്പുള്ള അതേ വിസ്തൃതിയാണ് നമ്മുടെ പല റോഡുകൾക്കും. പക്ഷേ ഓടുന്ന വാഹനങ്ങളുടെ എണ്ണം ഇരുന്നൂറ് ഇരട്ടിയാണ്. ●